ധർമ്മോ രക്ഷതി രക്ഷിതഃ

# ശ്രീ രാഘവപുരം സഭായോഗം ബ്രഹ്മസ്വം വേദപാഠശാല

ബഹ്മസ്വം മഠം, ചെറുതാഴം ശ്രീരാഘവപുരം യോഗക്ഷേത്രത്തിന് സമീപം ,
മണ്ടൂർ (പി.ഒ), കണ്ണൂർ ജില്ല. 670501 (പിൻ), ഫോൺ : 8547410552



## സ്വധർമ്മപാഠശാലകളുടെ ആവശ്യകത

ഭാരതീയ സനാതനധർമ്മത്തിന്റെ അടിസ്ഥാനപ്രമാണങ്ങളാണ് വേദങ്ങൾ. ത്രികാലജ്ഞാനികളായ ഋഷീശ്വരന്മാരുടെ ദർശനങ്ങളാണ് വേദമന്ത്രങ്ങൾ. അവയെ നിത്യസത്യവചനങ്ങളായി, പരമമായ അറിവായി, കണക്കാക്കുന്നു.

വർണ്ണാശ്രമധർമ്മത്തിൽ ലോകസംഗ്രഹാർത്ഥം നിയതമായ ചുമതലകൾ വിശ്വാസികൾക്ക് കല്പിച്ചിരിക്കുന്നു. രാഷ്ട്രസമൂഹം ആ ചുമതലകൾ കൂട്ടുത്തരവാദിത്തത്തോടെ യഥാവിധി നിർവ്വഹിച്ച് ധർമ്മത്തെ പുലർത്തുമ്പോൾ ധർമ്മം രാഷ് ട്രത്തെ ശ്രേയസ്സിലേക്ക് നയിക്കുന്നു.

അനാദികാലം തൊട്ട് മാറ്റമില്ലാതെ സംരക്ഷിക്കപ്പെടുന്ന വേദസ്വരൂപത്തെയും വേദത്തെ ആധാരമാക്കി കെട്ടിപ്പടുത്ത പ്രകൃതിയോടിണങ്ങിയ സംസ്കൃതിയേയും ഇന്ന് ലോകം അത്ഭുതാദരങ്ങളോടെയാണ് നോക്കിക്കാണുന്നത്. ബ്രാഹ്മണവർണ്ണത്തിന് വിധിച്ചിരിക്കുന്നതായ സൽക്കർമ്മങ്ങളിൽ പ്രധാനമാണ് ശ്രുതിയുടെ യഥാതഥമായിരിക്കുന്ന അദ്ധ്യയനവും അദ്ധ്യാപനവും. ആചാര്യാധീനനായി വേദം സാംഗോപാംഗം അഭ്യസിച്ച് ധർമ്മം ചെയ്യുന്നവൻ ലോകാനന്ദകാരിയായി വർത്തിക്കുന്നു. അവൻ ഈശ്വരനെ സദാ അനുഭവിച്ചറിയുന്നു.

വൈദേശിക ആക്രമണങ്ങളുടെയും ധർമ്മബന്ധുക്കളുടെ ജാഗ്രതക്കുറവിന്റെയും ഫലമായി വൈദികധർമ്മത്തിന് ശോഷണം നേരിടുകയാണ് ഇന്ന്. ഇങ്ങനെയുള്ള പ്രതിസന്ധിഘട്ടങ്ങൾ മുമ്പും ഉണ്ടായിരുന്നതായി ഇതിഹാസപുരാണങ്ങളിൽ കാണാം. അവയെ ദൃഢചിത്തതയോടെ അതിജീവിച്ചാണ് സനാതനധർമ്മം നിലനിന്ന് പോന്നത്. ഇപ്പോഴത്തെ വൈഷമ്യങ്ങളും അപ്രകാരം തരണം ചെയ്യപ്പെടുക തന്നെ ചെയ്യും. അതിനുവേണ്ടി ശ്രമിക്കേണ്ടത് ധർമ്മത്തിന്റെ സുസ്ഥിതി കാംക്ഷിക്കുന്നവരുടെ കടമയാണ്.

പുതിയ ജീവിതക്രമങ്ങളിൽ ഉലഞ്ഞ് മലയാളത്തിൽ വേദജ്ഞരുടെ എണ്ണം വളരെ കുറഞ്ഞിരിക്കുന്ന ഈ അവസരത്തിൽ വേദപാഠശാലകൾക്ക് വലിയ പങ്കാണ് വഹിക്കാനുള്ളത്. ഈ വസ്തുത തിരിച്ചറിഞ്ഞുകൊണ്ടുള്ള എളിയ ശ്രമമാണ് ശ്രീ രാഘവപുരം സഭായോഗം വേദപാഠശാല. കാഞ്ചിപരമാചാര്യരുടെ അരുളപ്പാടുകളാണ് ഈ ഉദ്യമത്തിന് പ്രചോദനമായത്. ഇത്തരം പാരമ്പര്യ-സ്വധർമ്മപരിശീലന കേന്ദ്രങ്ങൾ ഹൈന്ദവസമൂഹത്തിലെ എല്ലാ ധാരകൾക്കും വേണ്ടതാണ്.

## പാഠശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ശ്രീരാഘവപുരം സഭായോഗം വേദപാഠശാലകളിൽ 12 വർഷത്തെ ഗുരുകുലജീവിതത്തിലൂടെ താഴെപ്പറയുന്ന കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്.

1. യജുർവ്വേദസംഹിതയും ശാഖയും ഹൃദിസ്ഥവും മുഖസ്ഥവും ആക്കുക.
2. സംസ്കൃതഭാഷ ശീലിപ്പിക്കുക.
3. വേദാംഗങ്ങളിൽ പ്രാഥമികപരിശീലനം നൽകുക.
4. ധർമ്മശാസ്ത്രങ്ങൾ, ഇതിഹാസപുരാണങ്ങൾ, ആഗമങ്ങൾ തുടങ്ങി സനാതനധർമ്മത്തിന്റെ നെടുംതൂണുകളായി വർത്തിക്കുന്ന വിജ്ഞാനശാഖകളിൽ സാമാന്യപരിചയം നൽകുക.
5. ഉപരിപഠനത്തിന് മാർഗ്ഗനിർദ്ദേശവും സൗകര്യവും ചെയ്യുക.
6. ഈശ്വരോന്മുഖമായ സാത്വികചിന്തയും ക്രമങ്ങളും വളർത്തിയെടുക്കുക.
7. പ്രകൃതിയോട് ഇണങ്ങിയ ലളിതജീവിതരീതി ശീലിപ്പിക്കുക.

ലോകത്തിന് ജ്ഞാനപ്രകാശം നൽകുവാൻ പര്യാപ്തമായ മാതൃകാബ്രഹ്മസമൂഹത്തെ വാർത്തെടുക്കുവാൻ തുടർച്ചയായ ശ്രമത്തിലൂടെ നമുക്ക് സാധിക്കും. സജ്ജനസംഘങ്ങളുടെ ഉത്സാഹത്തിൽ ഇത്തരം സ്വധർമ്മപാഠശാലകൾ ഓരോ ഗ്രാമത്തിലും ഉണ്ടാവുന്നതോടെ ബ്രാഹ്മണസംസ്കൃതിയുടെയും അതിന്റെ ചുവടുപിടിച്ച് മുഴുവൻ ഹൈന്ദവസംസ്കൃതിയുടെയും പുനഃപ്രവാഹം ഇവിടെ സാദ്ധ്യമാവും .

# വേദപാഠശാല പ്രവർത്തനം ഇന്ന്

മലബാറിലെ കണ്ണൂർ ജില്ലയിൽ പെരുഞ്ചെല്ലൂർ ഗ്രാമത്തിൽ ചെറുതാഴത്ത് ശ്രീരാഘവപുരം സഭായോഗക്ഷേത്രപരിസരത്ത് ബ്രഹ്മസ്വം മഠം കേന്ദ്രമാക്കിയാണ് വേദപാഠശാലയുടെ ഒന്നാമത് ശാഖ ആരംഭിച്ചത്. ജില്ലയിൽ കഴിഞ്ഞ അരനൂറ്റാണ്ടിൽ ആദ്യത്തെ വിപുലമായ പരിശീലനസംരംഭമാണിത്.

ഇരിങ്ങാലക്കുട കാഞ്ചികാമകോടിപീഠം വേദപാഠശാലയിൽ അഭ്യസിച്ച ആമല്ലൂർ സംഗമേശൻ നമ്പൂതിരി, രാഘവേന്ദ്രശർമ്മ എന്നിവർ ഇവിടെ ആചാര്യന്മാരായിരിക്കുന്നു. വാച്ച മാധവവാദ്ധ്യാൻ നമ്പൂതിരി, ആമല്ലൂർ നാരായണൻ നമ്പൂതിരി, പന്തൽ വൈദികൻ ദാമോദരൻ നമ്പൂതിരി, അണിമംഗലം സുബ്രഹ്മണ്യൻ നമ്പൂതിരി, വാരണക്കോട് ഗോവിന്ദൻ നമ്പൂതിരി തുടങ്ങിയവർ ഉപദേശനിർദ്ദേശങ്ങൾ നൽകുന്നു.

ഭക്ഷണവും താമസവും അടക്കം എല്ലാ സൗകര്യങ്ങളും കുട്ടികൾക്ക് ലഭ്യമാക്കുന്നു. കുട്ടികളുടെ ആധുനികവിദ്യാഭ്യാസത്തിനും വിനോദത്തിനും സംവിധാനം ഒരുക്കിയിട്ടുണ്ട്.

വേദപാഠശാലയുടെ മാതൃസംഘടനയായി വർത്തിക്കുന്നത് പെരുഞ്ചെല്ലൂർ ഗ്രാമത്തിലെ പൗരാണികബ്രാഹ്മണസഭയായ ചെറുതാഴം ശ്രീരാഘവപുരം സഭായോഗം ആണ്. വേദപാഠശാല ഉപസമിതിയാണ് നടത്തിപ്പുചുമതല നിർവ്വഹിക്കുന്നത്. രക്ഷിതാക്കളുടെ സമിതിയും പ്രവർത്തിക്കുന്നു. ശങ്കരാചാര്യപരമ്പരയിലെ സന്ന്യാസിവര്യരും ബദരീനാഥ് റാവൽജിമാരും ഉൾപ്പെടുന്ന ധർമ്മസൂരികളുടെ അനുഗ്രഹവും പ്രസ്ഥാനത്തിന് ലഭിക്കുന്നു.

# ഭാവിപദ്ധതികൾ


നിലവിലുള്ളവ കൂടാതെ പുതിയ ശാഖകൾ ഓരോ വർഷവും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. എട്ടു കുട്ടികൾക്കാണ് വർഷം തോറും പുതുതായി പ്രവേശനം നൽകാൻ സാധിക്കുക. ഏതാനും വർഷത്തിനുള്ളിൽ ഉപനയനം കഴിഞ്ഞ എല്ലാ ബ്രാഹ്മണബാലകരും വേദപാഠശാലയിൽ പഠിച്ചിറങ്ങുന്ന സാഹചര്യം വിഭാവനം ചെയ്യുന്നു.

വേദപാഠശാല കൂടാതെ ബാലികാധർമ്മപാഠശാല, ഊരായ്മ ദേവസ്വം ബോർഡ്, ചരിത്രഗവേഷണകേന്ദ്രം, നെൽകൃഷി, ഗോരക്ഷ, ഔഷധവനം, സാന്ത്വനപരിചരണം തുടങ്ങിയവയും ശ്രീരാഘവപുരം സഭായോഗത്തിന്റെ പദ്ധതികളിൽപ്പെടുന്നു.

ധർമ്മ ബന്ധുക്കളുടെ ഈശ്വരാർപ്പണമായ സംഭാവനകളിലൂടെയാണ് പാഠശാല പ്രവർത്തിക്കുന്നത്. അതിൽ ഭാഗഭാക്കാകുവാൻ സജ്ജനങ്ങളോട് താഴ്മയായി അഭ്യർത്ഥിക്കുന്നു.

## ധർമ്മപാഠശാല സുസ്ഥിരവികസനനിധി

വേദപാഠശാലയിലെയും ബാലികാപാഠശാലയിലേയും കുട്ടികൾക്ക് ധർമ്മവിദ്യാഭ്യാസവും അതോടൊപ്പം സ്വാശ്രയരീതിയിൽ കിടയറ്റ ആധുനികവിദ്യാഭ്യാസവും നൽകുവാനുള്ള ഒരു സ്ഥാപനം അല്പകാലത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഒരു കോടി രൂപയാണ് ഇതിനുള്ള ചെലവു പ്രതീക്ഷിക്കുന്നത്. 100 പേർക്ക് വരെ ഇവിടെ ഒരേസമയം ആശ്രമനിഷ്ഠയിൽ താമസിക്കുവാനും വിവിധ മേഖലകളിൽ പ്രാവീണ്യം നേടുവാനും സാധിക്കും. ഒരു കോടി രൂപയിൽ നിന്നുള്ള ആദായം ഉപയോഗിച്ച് ഇതിന്റെ നടത്തിപ്പും സാധിക്കും.





## നിലവിൽ വേദപാഠശാലയിൽ ഒരുകുട്ടിക്ക് വേണ്ടിവരുന്ന തുക

ഒരു മാസം - Rs. 8500/-
ഒരു വർഷം - Rs. 1 ലക്ഷം
12 വർഷത്തെ സമ്പൂർണ്ണപഠനം - Rs. 12 ലക്ഷം

## നിലവിൽ വേദപാഠശാലയുടെ ഒരു ശാഖയുടെ പ്രവർത്തനച്ചെലവ്

ഒരു മാസം - Rs. 60000/-
ഒരു വർഷം - Rs. 7.5 ലക്ഷം

## അക്കൗണ്ട് വിവരം

Account No : 37953731240
Account type : Current
Bank : SBI
Branch : Pilathara
IFSC : SBIN0071214
Name : Sree Raghavapuram Sabha Yogam

ശ്രീരാമാർപ്പണമായി,
ശ്രീരാഘവപുരം സഭായോഗം ഭരണസമിതി

CHERRY GRAPHICS